# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1166** **06.02.2020 ൽ മറുപടിക്ക്**

## ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കുമ്മല്ലൂർ പാലം നിർമ്മാണം

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കുമ്മല്ലൂർ പാലം നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കുമ്മല്ലൂർ പാലം നിർമ്മാണത്തിനായി കിഫ്ബി 2017-18 ൽ ഉൾപ്പെടുത്തി 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഡിസൈൻ തയ്യാറാക്കുകയും. തുടർന്ന് എസ്റ്റിമേറ്റും ഡിപിആർ ഉം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി പാലത്തിന്റെ എസ്റ്റിമേറ്റ് തുക 10 കോടിയിൽ താഴെ ആയതിനാൽ കിഫ്ബിയിൽ സമർപ്പിക്കാൻ സാധിച്ചില്ല. |
| (ബി) പ്രസ്തുത പാലം നിർമ്മാണത്തിനുള്ള ഡി.പി.ആർ. ഇതിനകം കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോയെന്നും സമർപ്പിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ; | (ബി) എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 5 കോടി രൂപയാണ് ആകെ തുകയായി വന്നത്. എന്നാൽ GO(MS)No.69/2018/fin dated 24/02/2018 പ്രകാരം 10 കോടിയിൽ മുകളിൽ വരുന്ന പ്രവൃത്തികൾക്ക് മാത്രമേ കിഫ്ബിയിൽ അംഗീകാരം നൽകുകയുള്ളൂ. ആയതിനാൽ ചവറ നിയോജകമണ്ഡലത്തിൽ വരുന്ന തത്വത്തിൽ ഭരണാനുമതി ലഭിച്ച അരിനല്ലൂർ പെരിങ്ങോലം പാലത്തിന്റെയും കുമ്മല്ലൂർ പാലത്തിന്റെയും ഒരുമിച്ചുള്ള ഡിപിആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) കുമ്മല്ലൂർ പാലം പണി ആരംഭിക്കുന്നതിനായി ഇനി എന്തെല്ലാം നടപടികൾ അവശേഷിക്കുന്നുണ്ടെന്നും ആയത് പൂർത്തിയാക്കി പാലം പണി എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (സി) കിഫ്ബിയിൽ നിന്നുള്ള സാമ്പത്തികാനുമതി ലഭിച്ച് സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് മാത്രമെ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**